**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1297** **07-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ പഠന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാണോ എന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | എല്ലാവർക്കും ഈ സൗകര്യങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉദ്ദേശിക്കുന്നുണ്ട് |
| (സി) | അതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ വിദ്യാഭ്യാസം ആരംഭിക്കുന്നതിന് കുട്ടികൾക്ക് ആവശ്യമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് വിദ്യാകിരണം. ഇതിനുവേണ്ടി ഒരു വെബ് പോർട്ടലും ആരംഭിച്ചിട്ടുണ്ട്. വ്യക്തികൾ, ഗ്രൂപ്പുകൾ, കമ്പനികൾ എന്നിവർക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ ഏതെങ്കിലും സ്കൂളിലേയോ, സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിനനുസൃതമായോ അല്ലെങ്കിൽ ഒരു നിശ്ചിത തുകയായോ സംഭാവനകൾ നൽകാൻ ഈ പോർട്ടലിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ സബ്ഹെഡായി ഒരു പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഈ തുക ഇൻകം ടാക്സ് ആക്റ്റ് 1961 ന്റെ 80 ജി (2) വകുപ്പ് പ്രകാരം ആദായനികുതി വിമുക്തവുമായിരിക്കും. കൂടാതെ കമ്പനീസ് ആക്റ്റ് 2013 പ്രകാരം കമ്പനികളുടെ സി.ആർ.സി പദ്ധതിയിലുൾപ്പെടുത്തി ലഭിക്കുന്ന സഹായങ്ങൾ സ്വീകരിക്കാൻ പോർട്ടലിൽ പ്രത്യേക സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഈ അക്കൗണ്ട്കളിലൂടെ ശേഖരിക്കുന്ന തുക കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ നൽകാൻ മാത്രം ചെലവഴിക്കുന്നതാണ്. വിദ്യാകിരണം പദ്ധതി വഴി ലഭ്യമാകുന്ന തുകയിൽ നിന്നും ആവശ്യകതയ്ക്ക് അനുസരിച്ച് സ്കൂളുകൾക്ക് ഉപകരണങ്ങൾ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുകയും അപ്രകാരം ലഭ്യമാകുന്ന ഉപകരണങ്ങൾ സ്കൂളുകളിൽ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി കുട്ടികൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ വിതരണം നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ